Draft #2 of File ADA2/1/5038/2017/Admn(4)-SUB(11) Approved by ASSISTANT REGISTRAR II (ADMIN) on 29-Jun-2020 11:54 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനം- 28/04/2018 ലെ വിജ്ഞാപനം റദ്ദ് ചെയ്യൽ- പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്- റദ്ദ് ചെയ്ത ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ഫീസ് തിരികെ നൽകുന്നത്- 26/05/2020 ലെ സിണ്ടിക്കേറ്റ് തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2930/AD A 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2020

---

*പരാമർശം:*-1. വിജ്ഞാപനം നം. AdAII/1/5038/2017/Admn (4)തീയതി 28.04.2018

2. 05.10.2019-ലെ സിന്റിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നം. OA 2/19.08

3. യു.ഓ. നം. 4739/ADA2/2019/MGU തീയതി 05.10.2019

4. 26.05.2020 -ലെ സിന്റിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നം.189/20.02/DDFS-5038/2019

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർവകലാശാല സ്റ്റാറ്റ്യൂട്ടറി പഠനവകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫെസ്സർ തസ്തികയിലെ ഒഴിവുകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിക്കുകയുണ്ടായി. ടി വിജ്ഞാപനത്തിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ ജനറൽ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ച 105 പേരെ ഇന്റർവ്യൂവിനു ക്ഷണിക്കുകയും , ഹാജരായ 71 പേരെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ വച്ച് 24.08.2019, 26.08.2019, 27.08.2019 തീയതികളിലായി ഇന്റർവ്യൂ നട<u>ത്തു</u>കയുമുണ്ടായി. ഇന്റർവ്യൂവിന് ശേഷം സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് സർവകലാശാല ആക്ട് 1985 സെക്ഷൻ 3 .10 (17 ) പ്രകാരം വൈസ് ചാൻസിലർ റദ്ദ് ചെയ്യുകയും പ്രസ്തുത നടപടി പരാമർശം 3 പ്രകാരം സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു.

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നാളിതുവരെ നിയമനം നടത്തിയിട്ടില്ലാത്തതിനാൽ 26/05/2020 കൂടിയ സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും, പരാമർശം 4 പ്രകാരം ചുവടെ ചേർത്തിട്ടുള്ള തീരുമാനം എടുക്കുകയുമുണ്ടായി.

"28.04.2018 -ലെ Ad.AII/1/5038/2017/Admn(4) നമ്പർ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനും സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനും 28.04.2018 -ലെ വിജ്ഞാപനം അനുസരിച്ച് അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവർ അടച്ചിട്ടുള്ള അപേക്ഷ ഫീസ് തിരികെ നൽകുന്നതിനും തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

പകർപ്പ്

1. വകുപ്പുമേധാവി ,സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് .
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ.
4. ഫിനാൻസ് I/ P&D II/ FCC /Ad.D/ACC .
5. ജെ ഡി, കെ.എസ്.എ./ IQAC.
6. CMS /ഓഡിറ്റ് സെക്ഷൻ .
7. സ്റ്റോക്ക് ഫയൽ .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File ADA2/1/5038/2017/Admn(4)-SUB(11) Approved by ASSISTANT REGISTRAR II (ADMIN) on 29-Jun-2020 11:54 AM - Page 2